പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7053 1/11/2011-ൽ മറുപടിക്ക്

## പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

ചോദ്യം

ശ്രീ.കെ.ദാസൻ.

മറുപടി

ശ്രീ.എ.പി അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിയുടേയും വിശദാംശം വെളിപ്പെടുത്താമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി വിവിധ സ്വയംതൊഴിൽ വായ്പാ പദ്ധതികളും ക്ഷേമപദ്ധതികളും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും നടപ്പാക്കുന്നു. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ജീവനക്കാരുടെ അഭാവം മൂലം കൊയിലാണ്ടിയിലെ പട്ടികജാതി വികസന ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | കൊയിലാണ്ടി മുൻസിപ്പാലിറ്റിയിൽ പട്ടികജാതി വികസന ആഫീസ് ഇല്ല. കൊയിലാണ്ടി മുൻസിപ്പാലിറ്റിയുടെ ചാർജ് ചന്തലായനി ബ്ളോക്ക് പട്ടികജാതി വികസന ആഫീസർക്കാണ്. ജീവനക്കാരുടെ അഭാവം കാരണം ടി ആഫീസിന്റെ പ്രവർത്തനത്തിന് തടസ്സം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കോർപ്പറേഷൻ 2011-2012 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുള്ള ലഘുവിവരണം

| ക്രമ നമ്പർ | പദ്ധതി |
|---|---|
| | **എ. സ്വയം തൊഴിൽ പദ്ധതികൾ:- എൻ.എസ്.എഫ്.ഡി.സി.വിഹിതം ഉപയോഗിച്ച് വായ്പാ സഹായം നൽകുന്നവ.** |
| 1. | **കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി**<br>21.10.2011-ലെ സ.ഉ.(കൈ) നം.104/11/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം കൃഷിഭൂമി വായ്പാ പദ്ധതിയുടെ പദ്ധതി തുക 1.50 ലക്ഷം രൂപയിൽ നിന്ന് 2.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ 1.50 രൂപ വായ്പയും 50,000/- രൂപ സബ്സിഡിയുമാണ്.പലിശ നിരക്ക് 6% ഉം തിരിച്ചടവ് കാലാവധി 8 വർഷവുമാണ്. |
| 2. | **മൈക്രോക്രെഡിറ്റ് ഫൈനാൻസ് പദ്ധതി**<br>പരാമവധി 30,000/-രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. |
| 3. | **3 വീലർ ഓട്ടോ പിക് അപ് വാൻ പദ്ധതി**<br>പരമാവധി പദ്ധതി തുക 1,50,000 രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 4. | **മിനി വെഞ്ച്വർ പദ്ധതികൾ**<br>1ലക്ഷം രൂപ മുതൽ പരമാവധി 2.00 ലക്ഷം രൂപ വരെയാണ്. ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 5 | **മഹിളാ സമൃദ്ധി യോജന പദ്ധതി**<br>പരമാവധി 30,000 രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. |
| 6. | **മഹിളാ കിസാൻ യോജന പദ്ധതി**<br>പരമാവധി 50,000/- രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 7. | **ശിൽപ്പി സമൃദ്ധി യോജന**<br>പട്ടികജാതിയിൽപ്പെട്ട കര കൗശല വിദഗ്ദ്ധർ, ശിൽപികൾ എന്നിവർക്ക് അവർ പ്രാവീണ്യം നേടിയ അഥവാ വ്യക്തിമുദ്ര പതിപ്പിച്ച മേഖലയിൽ അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി പരമാവധി 50,000/-രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് 5% ഉം തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |

| | |
|---|---|
| 8. | **<u>എൻ.എസ്.എഫ്.ഡി.സി.യുടെ സഹായമുപയോഗിച്ചുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി</u>**<br>പട്ടികജാതിയിലെ വളരെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസം ചെയ്യുന്നതിനും MPhil/Ph.D പഠനം നടത്തുന്നതിനും വേണ്ടി പരമാവധി 10.00 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് വിദ്യാർത്ഥികൾക്ക് 4% ഉം വിദ്യാർത്ഥിനികൾക്ക് 3.5% ഉം ആണ്. തിരിച്ചടവ് കാലാവധി 5 വർഷമാണ്. |
| **<u>ബി. സ്വയം തൊഴിൽ പദ്ധതികൾ എൻ.എസ്.ടി.എഫ്.ഡി.സി. വിഹിതം ഉപയോഗിച്ച് വായ്പാ സഹായം നൽകുന്നവ.</u>** | |
| 9. | **<u>സ്മോൾ എന്റർപ്രൈസസ് പദ്ധതി</u>**<br>50,000/-രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 10. | **<u>ഓട്ടോറിക്ഷാ വായ്പാ പദ്ധതി</u>**<br>ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഡീസൽ ഓട്ടോറിക്ഷ നൽകുന്നു. പലിശ നിരക്ക് 6%വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 11. | **<u>ആദിവാസി മഹിളാ സശക്തികരൻ യോജന</u>**<br>ഈ പദ്ധതി പ്രകാരം വ്യക്തഗത യൂണിറ്റൊന്നിന് പരമാവധി 50,000/-രൂപ വരെ വായ്പാ സഹായം അനുവദിക്കുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 12. | **<u>പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി</u>**<br>സംരംഭകത്വ ഗുണവും ഉത്സാഹ ശീലവുമുള്ള പട്ടിക വർഗ്ഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് കാർഷിക വ്യവസായിക സേവന മേഖലകളിൽ മുതൽ മുടക്കാനായി വേണ്ട ധനസഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| **<u>സി. സ്വയം തൊഴിൽ പദ്ധതികൾ-കോർപ്പറേഷൻ മാത്രമായി വായ്പാ സഹായം നൽകുന്നവ</u>** | |
| 13. | **<u>കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി</u>**<br>ഭൂരഹിതരായ കർഷക തൊഴിലാളി കുടുംബങ്ങൾക്ക് കൃഷിക്കനുയോജ്യമായ ഭൂമി വാങ്ങുന്നതിനും കാർഷിക വൃത്തിയിൽ ഏർപ്പെട്ട ഭൂമിയിൽ നിന്നുള്ള വരുമാനം വഴി ഉപജീവനം നടത്തുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി തുകയായി 2 ലക്ഷം രൂപയിൽ പരമാവധി 1.50 ലക്ഷം രൂപ വരെ കോർപ്പറേഷന്റെ സ്വന്തം ഫണ്ട് മാത്രം ഉപയോഗിച്ചുള്ള വായ്പയും 50,000/- രൂപ വരെ സബ്സിഡിയുമാകുന്നു. പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 8 വർഷവുമാണ്. |
| 14. | **<u>ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി</u>**<br>ഈ പദ്ധതിയിൻ കീഴിൽ 1,00,000/- രൂപ വരെ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നതാണ്. പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |

| | |
|---|---|
| 15. | **പ്രൊഫഷണൽ സർവ്വീസ് പദ്ധതി**<br>പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് സ്വയം തൊഴിൽ വായ്പയായി പരമാവധി 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 16. | **വിദേശ തൊഴിൽ വായ്പാ പദ്ധതി**<br>പരമാവധി വായ്പാ തുക 50,000/- രൂപയാണ്. |
| 17. | **ഓട്ടോറിക്ഷാ വായ്പാ പദ്ധതി**<br>പട്ടികജാതിയിൽപ്പെട്ടവർക്ക് ഉപജീവന മാർഗ്ഗമായി കോർപ്പറേഷൻ സ്വന്തം ഫണ്ട് മാത്രം ഉപയോഗിച്ച് ഓട്ടോറിക്ഷ വായ്പ നൽകുന്നു. പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| **ഡി. മറ്റു സാമൂഹ്യക്ഷേമ പദ്ധതികൾ (കോർപ്പറേഷൻ മാത്രമായി വായ്പാ സഹായം നൽകുന്നവ)** | |
| 18. | **വിദ്യാഭ്യാസ വായ്പകൾ**<br>സംസ്ഥാനത്തിനകത്തുവെച്ചുള്ള പ്രൊഫഷണൽ ബിരുദ/പ്രൊഫഷണൽ ബിരുദാന്തര പഠനത്തിന് പരമാവധി 1,00,000/- രൂപയും സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിന് പരമാവധി 2,50,0000/-രൂപയും വായ്പ നൽകുന്നു. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി പഠനം കഴിഞ്ഞുള്ള 5 വർഷവുമാണ്. |
| 19. | **വിദേശ വിദ്യാഭ്യാസ വായ്പ**<br>പരമാവധി 10 ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി വായ്പ നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 5 ലക്ഷം രൂപ വരെ 6% വും അതിനു മുകളിൽ 10 ലക്ഷം രൂപ വരെ 8.5% വു മാണ്. തിരിച്ചടവ് കാലാവധി പഠനം കഴിഞ്ഞുള്ള 5 വർഷവുമാണ്. |
| 20. | **വിവാഹ വായ്പാ പദ്ധതി**<br>പാവപ്പെട്ട കുടുംബങ്ങളിലെ രക്ഷിതാക്കൾക്ക് പെൺമക്കളുടെ വിവാഹം നടത്തുന്നതിനായി 1,00,000/- രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 21. | **പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള കമ്പ്യൂട്ടർ വായ്പാ പദ്ധതി**<br>കോർപ്പറേഷൻ പട്ടികജാതി വിദ്യാർത്ഥികൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥിനി, വിദ്യാത്ഥികൾക്ക് കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി ഒരാൾക്ക് പരമാവധി 40,000/- രൂപ വീതം വായ്പ അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ